# പള്ളികഥകൾ

## മിനികഥകൾ — അറുപത്തിമൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ഇപ്പോൾ പറയാൻ പോകുന്നത് ഏതോ തമാസകഥയാണെന്ന് മുഖഭാവം കണ്ടപ്പോഴേ മനസ്സിലായി. അമേരിക്കയിലെ ഒരു കൊച്ചു ഗ്രാമത്തിൽ വഷങ്ങൾക്ക മുമ്പ് നടന്ന കഥയാണിതെന്നാണ് പറഞ്ഞത്.

## പരുവക്കേട്

“ഹലോ ജോസഫേ”

“എന്തവാ സണ്ണിച്ചായാ”

“നമ്മുടെ അച്ചന് നേരേചൊവ്വേ വത്മാനം പറയാൻ വയ്യാത്ത പോലെ തോന്നുന്നു. പിന്നീട് വത്മാനം പറയാമെന്നും ഇപ്പോൾ പരുവക്കേടാണെന്നുമാണ് അച്ചൻ ഇപ്പോൾ ഞാൻ ഫോൺ ചെയ്തപ്പോൾ മറുപടിയായി പറഞ്ഞത്. ആരോ അച്ചന്റെ കൊങ്ങായ്ക്ക് പിടിച്ചതു പോലെ എനിക്ക തോന്നുന്നു. പെട്ടന്ന് പള്ളിയിലേക്ക് വാ”

“ഹലോ ചാക്കോച്ചാ”

“എന്തവാ ജോസഫ് മാഷേ”

“പെട്ടന്ന് പള്ളിയിലോട്ടു വാ; നമ്മുടെ അച്ചന്റെ കൊങ്ങായ്ക്ക് ആരോ പിടിച്ചിരിക്കുന്നു; അച്ചന് ശരിക്കും വത്മാനം പറയാൻ വയ്യ. ആകെ പരുവക്കേടിലാണെന്നാണ് അച്ചൻ പറഞ്ഞത്”

“ഹലോ ചെറിയാച്ചാ”

“എന്തവാ ചാക്കോ സാറേ”

“ആകെ പരുവക്കേടിലാണെന്ന് നമ്മുടെ അച്ചൻ പറഞ്ഞു. അച്ചന് നേരേ ചെവ്വേ വത്മാനം പറയാൻ വയ്യ. ആരോ അച്ചന്റെ കൊങ്ങായ്ക്ക് പിടിച്ചിരിക്കുകയാണ്.”

പറഞ്ഞ നിമിഷംകൊണ്ട് ആ പള്ളിയിലെ എഴുപത്തിയേഴു കുടുംബങ്ങളും പള്ളി മുറ്റത്തെത്തി. വന്നവർ വന്നവർ പള്ളി മുറ്റം നിറയെ കാറുകൾ കണ്ട് അമ്പരന്നു.

ആ ഗ്രാമത്തിലേക്ക് ഒരു കമ്പിനിയിൽ എച്ച് വൺ വിസായുമായി എത്തിയത് സണ്ണിയാണ്. അയാൾ ഒന്നു പച്ച പിടിച്ചപ്പോഴേ കൂടെ പഠിച്ച ഓരോരുത്തരേയായി അതുപോലെ എച്ച് വൺ വിസായിൽ വരുത്തി. കേവലം രണ്ടോ മൂന്നോ മാസത്തിന്റെ പ്രായ കൂടുതൽ സണ്ണിക്കുള്ളൂ എങ്കിലും എല്ലാവരും അയാളെ സണ്ണിച്ചായാ എന്നാണ് വിളിക്കുന്നത്. അയാൾ ഒറ്റ ഒരാളിന്റെ പരിശ്രമം കൊണ്ടു മാത്രമാണ് പറഞ്ഞ സമയത്തിനുള്ളിൽ ഈ എഴുപത്തിഏഴു കുടുംബങ്ങളും അവിടെ എത്തിയതും അവക്കെല്ലാം അവിടെ ജോലിയായതും. എല്ലാവരും ഐറ്റിക്കാരും അവരുടെ ഭാര്യമാരെല്ലാം നേഴ്സുമാരും. ഇത്രയും ആൾക്കാക്ക് സണ്ണി ജോലി ചെയ്യുന്ന കമ്പിനിയിൽ തന്നെ ജോലിയാണ്. അവരുടെ ഭാര്യമാരെല്ലാം അവിടെ അടുത്തുള്ള ആശുപത്രിയിൽ നേഴ്സുമാരും. കൂടാതെ സണ്ണിയുടെ കഴിവുകൊണ്ടു മാത്രമാണ് അവക്ക് അവിടെ ഒരച്ചനെ കിട്ടിയതും ഒരു ഇടവകയായി തീന്നതും. ഇപ്പോൾ അവരെല്ലാവരുടേയും പരിശ്രമഫലമായി അവക്ക് സ്വന്തമായി ഒരു പള്ളിയുമായി. അതുകൊണ്ടെല്ലാം അവരെല്ലാവരും സണ്ണിയെ അച്ചായനെന്നാണ് വിളിക്കുന്നത്.

വഷങ്ങളായി സണ്ണിയാണ് ആ പള്ളിയുടെ കൈക്കാര്യൻ. ആ പള്ളിയിലെ എല്ലാ കാര്യങ്ങളും സണ്ണി വളരെ കഷ്ടപ്പെട്ട് ആലോചിച്ച് തീരുമാനിച്ച് നടപ്പിലാക്കുന്നതും. പള്ളിക്കു വേണ്ടി ഇഷ്ടം പോലെ ചെലവാക്കാനും കഷ്ടപ്പെടാനും അവരെല്ലാം തയാറുമാണ്.

അവരുടെ അച്ചനും ആ കമ്പിനിയിൽ തന്നെ ജോലി ചെയ്യുന്ന ഒരു ഐറ്റി പഠിച്ച ആളാണ്. അച്ചന്റെ ഭാര്യയും നേഴ്സായി വന്ന് ഇപ്പോൾ മാസ്റ്റേഴ്സ് പാസായ ശേഷം ആ ആശുപത്രിയിൽ തന്നെ ഡയറക്ടർ ഓഫ് നേഴ്സായി ജോലി ചെയ്യുകയാണ്. അച്ചനും പള്ളിയിലെ ആണുങ്ങളുമെല്ലാം ഒരേ പ്രായക്കാരാണ്. അതുപോലെ അവർ പെണ്ണുങ്ങളുമെല്ലാം ഒരേ പ്രായക്കാരാണ്. എന്നാലും അവരെല്ലാവരും പരസ്പരം വളരെ ബഹുമാനത്തോടു കൂടി മാത്രമാണ് സംസാരിക്കുന്നതും പ്രവത്തിക്കുന്നതും. അവരുടെയെല്ലാം ഉള്ളിന്റെ ഉള്ളിൽ സണ്ണിയോട് വളരെയധികം സ്നേഹവും ബഹുമാനവുമുണ്ട്.

ആണുങ്ങൾ എല്ലാവരും മദ്ബഹായിൽ ശുശ്രൂഷ്യ് യോഗ്യതയുള്ളവരുമാണ്. എല്ലാവരും രാവിലെ തന്നെ പള്ളിയിൽ എത്തുമെങ്കിലും ആവശ്യത്തിനുള്ളവർ മാത്രമേ അതാതു ദിവസം മദ്ബഹായിൽ ശുശ്രൂഷ്യ് കയറുകയുള്ളു. എന്നിരുന്നാലും അതിനു വേണ്ട കരുതലോടു കൂടി മാത്രമാണ് പള്ളിയിൽ വരാറുള്ളത്. മദ്ബഹായിൽ കയറാൻ യോഗ്യത ഉണ്ടെങ്കിലും അതിനു വേണ്ട കരുതലില്ലാതെ വരുന്നവക്ക് ശുശ്രൂഷ്യ് അതാതു ദിവസം കയറാൻ പറ്റത്തില്ല.

അവരെല്ലാവരും ഏകദേശം അഞ്ചു മൈൽ ദൂരം ചുറ്റളവിലാണ് കഴിയുന്നത്. യഹൂദന്മാരുടെ കാര്യം പോലെ, യഹൂദന്മാരെല്ലാം അവരുടെ പള്ളിയുടെ ഏറ്റവും അടുത്താണ് കഴിയാറുള്ളത്. തന്മൂലം ഇവക്കെല്ലാം പെട്ടന്ന് പള്ളിയിൽ എന്താവശ്യത്തിനും എത്തിച്ചേരാൻ സാധിക്കും.

പള്ളിമുറ്റത്തു തന്നെയുള്ള പാഴ്സനേജിലാണ് അച്ചനും കുടുംബവും താമസിക്കുന്നത്. അവിടെ ആവശ്യത്തിൽ കൂടുതൽ സൗകര്യമുണ്ടെന്നുള്ളതു കൂടാതെ അത്യാവശ്യം ആരെങ്കിലും രണ്ടു വിരുന്നുകാർ വന്നാൽ താമസിക്കാനുള്ള മുറികളും ബാത്തുറൂമുകളും മറ്റു സൗകര്യങ്ങളുമുണ്ട്. തന്മൂലം സാധാരണ അവിടെ എത്താറുള്ള മെത്രാച്ചന്മാർ അവിടെയാണ് താമസിക്കാറുള്ളത്.

അച്ചനാണെങ്കിലും പണത്തിനോട് അത്ര ആത്തി ഉള്ള ആളല്ല. തന്മൂലം യാതൊരു കാര്യത്തിനും കിമ്പളം പറ്റാറില്ല. കൂടാതെ പള്ളിയിൽ നിന്നും ശമ്പളമോ വേറേ അലവൻസുകളോ വാങ്ങാറില്ല. ഞാനും ഭാര്യയും ജോലി ചെയ്ത് പണമുണ്ടാക്കുന്നുണ്ട്, അപ്പോൾ നിങ്ങളുടെ കാശു കൂടെ വേണ്ടായെന്നാണ് സാധാരണ പറയാറുള്ളത്.

അന്ന് വൈകിട്ട് കൊച്ചമ്മ (അച്ചന്റെ ഭാര്യയെ എല്ലാവരും കൊച്ചമ്മയെന്നാണ് വിളിക്കാറുള്ളത്), അച്ചന്റെ വായിൽ ഒരു വലിയ കഷണം ചോക്ലേറ്റ് വെച്ചു കൊടുത്തത് തിന്നാൻ തുടങ്ങുമ്പോഴായിരുന്നു സണ്ണിയുടെ ഫോൺ വന്നത്. അപ്പോൾ അദ്ദേഹത്തിന് തുടന്ന് സംസാരിക്കാൻ വയ്യാത്ത അവസ്ഥയിലായിരുന്നതു മൂലമാണ് അച്ചൻ പറഞ്ഞത്: ഇപ്പോൾ നേരേ ചെവ്വേ വത്മാനം പറയാൻ വയ്യ; പിന്നീട് വത്മാനം പറഞ്ഞു കൊള്ളാമെന്നും. വായ് നിറച്ചു വലിയ ചോക്ലേറ്റു കഷണം വെച്ചുകൊണ്ട് വത്മാനം പറയാൻ വയ്യാത്ത അവസ്ഥയിൽ ആരു വത്മാനം പറഞ്ഞാലും മറുഭാഗത്ത് കേൾക്കുന്നവർ വിചാരിക്കുന്നത് അച്ചന്റെ കൊങ്ങായ്ക്ക് ആരോ പിടിച്ചെന്നായിരിക്കുമല്ലോ. അത് ഒരു വായിൽ നിന്ന് മറു ചെവിയിൽ കിട്ടുമ്പോൾ പലവിധത്തിൽ തിരിഞ്ഞു മറിഞ്ഞു പോകുക സാധാരണമാണല്ലോ.

ഈ അസമയത്ത് ഇത്രയുമധികം പള്ളിക്കാരെ ഒന്നിച്ചു കണ്ടപ്പോൾ അച്ചൻ സന്ധ്യാ നമസ്ക്കാരവും കഴിച്ച് ഒരു അടിയന്തിര പൊതുയോഗം കൂടെ നടത്തി ചില കാര്യങ്ങൾക്ക് തീരുമാനമെടുക്കാനും സാധിച്ചു. ആ പള്ളിയിലെ മുഴുവൻ ആൾക്കാരും അപ്പോൾ അവിടെയുണ്ടായിരുന്നു.